LIBRARY ARCHIVES Kerala Legislative Assembly

പുല്ലുമേട് ദുരന്തം

54 (259) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുല്ലുമേട് ദുരന്തത്തിൽ അതിദാരുണമായി 100-ൽ അധികം അയ്യപ്പഭക്തൻമാർ മരിച്ചതിനെക്കുറിച്ച് അന്വേഷിക്കാൻ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ : വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വരുംകാലങ്ങളിൽ ഇവിടുത്തെ സുരക്ഷ കണക്കാക്കി എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് പോലീസ് വകുപ്പ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) പോലീസ് അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്കും ശിപാർശകൾ ലഭിക്കുന്ന മുറയ്ക്കും മാത്രമേ മറ്റ് കാര്യങ്ങൾ തീരുമാനിക്കാൻ കഴിയൂ.

സംസ്ഥാന പോലീസ് സേനയുടെ നവീകരണം

55(261) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് പ്രത്യേക ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതിന്റെ ഫലമായി ഓരോ രംഗത്തും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;